


# ഗലാത്യയിലെ സഭകൾ!



**പാസ്റ്റർ ജേക്കബ് മാമച്ചൻ**
വേർഡ് ഓഫ് ഗോഡ് ചർച്ച്
ദുബായ്, യു.എ.ഇ.

# ഗലാത്യയിലെ സഭകൾ!

ഗലാത്യർ 1: 2 ൽ നാം വായിക്കുന്നു:

അപ്പോസ്തലനായ പൗലോസും കൂടെയുള്ള സകല സഹോദരന്മാരും ഗലാത്യസഭകൾക്കു എഴുതുന്നത്:

ഇങ്ങനെയൊരു വാക്യമെടുത്തു അത് വിശകലനം ചെയ്യുവാൻ ആരും ശ്രമിക്കാറില്ല എന്ന് ഒരുപക്ഷെ നാം ചിന്തിക്കും. ഈ വാക്യത്തിന് ദൈവശാസ്ത്ര പരമായ പ്രാധാന്യമോ, ഒരു പ്രായോഗിക ഉപദേശമോ, പ്രത്യേകിച്ച് ഒരു ഉൾകാഴ്ച്ചയോ ഒന്നുമുള്ളതായി തോന്നുകയുമില്ല. പലർക്കും ഇത്തരം പ്രസ്താവനകളിൽ ഉപയോഗപ്രദമായി ഒന്നും തന്നെ വീക്ഷിക്കുവാൻ കഴിയുകയില്ല എന്ന വസ്തുത ഇരിക്കെ, പൗലൊസിനെ സംബന്ധിച്ചു 'ഗലാത്യ സഭകൾ' വളരെ അർത്ഥവത്തായ, ക്രിയാത്മകമായ ഒരു സംഭവമാണ്. അതിനു കാരണം 'പൗലൊസും കൂട്ടുവേലക്കാരും ചേർന്ന് അവിടെ സഭകൾ സ്ഥാപിച്ചു' എന്നാണോ? ഇന്നത്തെ കാലഘട്ടത്തിലെ സഭ നേതാക്കൻമാർ, ഒരുപക്ഷെ അത്തരം ഒരു അവസ്ഥ കൊണ്ടു തൃപ്തരായേക്കാം. എന്നാൽ പൗലൊസിന്റെ ഹൃദയം ഒരിക്കലും തൻ സ്ഥാപിച്ച സഭകൾ ഒത്തുചേരു ന്നതിൽ തൃപ്തിപ്പെടുകയില്ല.

പൗലൊസിനെ സംബന്ധിച്ച്, ഗലാത്യ എന്ന ദേശം രാജാധിരാജാവും കർത്താധികർത്താവും, ഏകാധിപതി യുമായ സത്യദൈവത്തിനു വേണ്ടി താൻ കയ്യടക്കിയ ഒരു പ്രദേശമാണ്. ദൈവീകവെളിച്ചം കടന്നുചെല്ലാത്ത ജാതീയരുടെ ഒരു മുൻകാലചരിത്രം റോമൻ പ്രവിശ്യ

യായ ഗലാത്യയ്ക്കും ഉണ്ടായിരുന്നു. അനീതിയും യുദ്ധകോലാഹലങ്ങളും മാത്രമല്ല, അത് യഹോവയാം ദൈവത്തിന്റെ അധീനതരാജ്യം അല്ലായിരുന്നു. അതിലെ പ്രഭുക്കന്മാരോടും തദ്ദേശശക്തികളോടുമൊന്നിച്ച് ദൈവകോപത്താൽ നശിച്ചൊടുങ്ങുവാൻ കല്പിക്കപ്പെട്ട പ്രദേശമായിരുന്നു ഗലാത്യ.

ഉത്തര ദക്ഷിണ ഗലാത്യ തത്വങ്ങൾ നാം വിശകലനം ചെയ്താൽ ഒരു കാര്യം നമുക്ക് കൃത്യമായി മനസിലാക്കാം; അത് ശത്രുക്കളാൽ പിടിച്ചടക്കപെട്ട/ തകർക്കപ്പെട്ട പ്രദേശമാണ്. എന്നാൽ ഇപ്പോൾ പൗലൊസിന്റെ പാദസ്പർശനത്താൽ ഒരു വിശുദ്ധ പ്രഖ്യാപനമാണ് വന്നിരിക്കുന്നത്. നഷ്ടപെട്ട ആത്മാക്കളാൽ അന്ധകാര വ്യാപൃതമായ ദേശത്ത് ദൈവത്തിനു ഒരു പ്രവേശന കവാടം ആയിരിക്കുകയാണ് പൗലൊസ്. നൂറ്റാണ്ടുകൾക്കു മുൻപേ, തന്റെ ദയാബഹുത്വത്താൽ, സർവശക്തനായ ദൈവം അബ്രഹാമിന് കൊടുത്ത വാഗ്ദത്തമാണ്, തീർത്തും ദുഷ്ടതയും കലഹവും നിറഞ്ഞ ഈ പ്രദേശം, 'സുവിശേഷം' എന്ന വിശുദ്ധകല്പനയാൽ സ്വതന്ത്രമാക്കപ്പെട്ടതു.

ഗലാത്യ ലേഖനം വായിക്കുമ്പോൾ പൗലൊസിനോട് ചേർന്ന് നാമും ദൈവത്തെ മഹത്വപ്പെടുത്തുമാറാകട്ടെ. ഈ ലേഖനവും ഇവിടെ സ്ഥാപിതമായ ദൈവസഭയുമായുള്ള തന്റെ സംസർഗ്ഗവും പൗലൊസിന് പ്രാപഞ്ചികമായ ഒരു വിജയസന്ദർഭമാണ്. ദൈവം തന്റെ രാജ്യം ജാതികളിലേയ്ക്കു വിസ്തൃതമാക്കിയതുകൊണ്ട് ഒരിക്കൽ ഉപേക്ഷിക്കപ്പെട്ടിരുന്ന ഈ ദേശത്തു,

ക്രിസ്തുവിന്റെ ചട്ടങ്ങളും നിയമങ്ങളും സ്ഥാപിക്കുവാൻ, ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ കൂട്ടുവേലക്കാരനായ താൻ ഉത്തേജകനായി.

മേൽപ്പറഞ്ഞ പശ്ചാത്തലങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഗലാത്യലേഖനം നാം വായിക്കുമെങ്കിൽ ഇതിലെ ഓരോ താളുകളിലൂടെയും മുന്നോട്ടു പോകുവാനുള്ള അതിവാഞ്ഛ നമ്മിലുണ്ടാകും. യോസേഫിന്റെ ഹൃദയം തന്റെ സഹോദരന്മാർക്ക് വേണ്ടിയും, മോശെയുടെതു യിസ്രായേൽ ജനതയ്ക്കു വേണ്ടിയും, യേശുക്രിസ്തു മുഴുലോകത്തിന് വേണ്ടിയും തുടിച്ചതുപോലെ, പൗലൊസിന്റെ ഹൃദയം ദൈവമക്കൾക്കു വേണ്ടി തുടിക്കുകയാണ്. ദൈവികപദ്ധതി തുടർന്നുപോകുമ്പോൾ ദൈവത്തിന്റെ പൂർണ്ണ ഇഷ്ടത്തിൽ പ്രവൃത്തി തികച്ചവൻ പൂർണ്ണജയം പ്രാപിച്ചു നിൽക്കുന്നു.

ദൈവിക വാഗ്ദത്തങ്ങളോടും, ദേശത്തോടും, രാജ്യത്തോടും, പിതാക്കന്മാരോടും, ദൈവമഹത്വത്തോടുമൊക്കെ ഒരിക്കൽ അന്യരും പരദേശികളുമായിരുന്ന നമുക്ക്, ഇപ്പോൾ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിലൂടെ പിതാവിങ്കലേയ്ക്ക് വിശേഷമേറിയ ഒരു പ്രവേശന മാർഗ്ഗം - ജീവനുള്ള പുതുവഴി നൽകപ്പെട്ടിരിക്കുന്നു ആമേൻ!

പാസ്റ്റർ ജേക്കബ് മാമച്ചൻ എഴുതിയ 'Churches of Galatia' എന്ന ലേഖനത്തിന്റെ വിവർത്തനം.

WORD OF GOD CHURCH

***"Hey, I would like to know more."***

***Join us at:***

## Word of God Church, Dubai

☎ **+971 56 392 1933, +91 90375 88577**

**+91 90375 88577**

✉ **wordofgodsons@gmail.com**

**www.addtofaithblog.com**

**Find us on:**

**WordofGod Church**

**thewordofgod_church**

**WordofGod Church**

*Published by Word of God Church, Dubai*